# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 10, No. 4 December, 2016

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം


സർക്കുലർ ...... 4

സർക്കുലർ ...... 6

സീറോ മലബാർ മിഷൻ വാരാചരണം...... 15

രൂപതാകച്ചേരി വാർത്തകൾ ...... 18

ഇന്റർ ഡയോസിഷ്യൻ പ്രീസ്റ്റ് കോൺഫ്രൻസ് ...... 21

DECENNIAL YEAR CELEBRATION ...... 21

മതബോധന–ബൈബിൾ പ്രേഷിതത്വം...... 24

**കുടുംബപ്രേഷിതത്വം** ...... 25

**യുവജന പ്രേഷിതത്വം**...... 25

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി...... 27

Report of the Joint Commission ...... 30

Bishop’s Diary...... 30

Bishop’s Programme ...... 32

Kannada Section ...... 35

## സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

തിരുപിറവി ആഘോഷത്തിനുള്ള അടുത്ത ഒരുക്കത്തിലാണല്ലോ നാം. കർത്താവിന്റെ കടന്നുവരവിനായി നമുക്ക് കുടുംബങ്ങളെയും, നമ്മുടെ ഹൃദയങ്ങളെയും ഒരുക്കാം. ദൈവം ഏറ്റവും ആഗ്രഹിക്കുക നമ്മുടെ ഹൃദയങ്ങളിൽ വന്നു വസിക്കുന്നതിനാണ്. അതിനാൽ നമ്മുടെ ഹൃദയങ്ങളെ അവിടുത്തേയ്ക്കായി സജ്ജമാക്കാം. അതിനായി വി. സ്നാപകയോഹന്നാന്റെ വാക്കുകളെ അനുസ്മരിച്ചുകൊണ്ട് നമ്മുടെ അഹന്തയും, താൻപോരിമയുമാകുന്ന കുന്നുകളെ നിരത്തുവാനും, കുറ്റബോധവും അപകർഷതയുമാകുന്ന താഴ്‌വരകൾ നികത്തുവാനും, വക്രതയും, കപടതയുമാകുന്ന വളഞ്ഞവഴികൾ നേരെയാക്കി ജീവിതത്തെ കൂടുതൽ സുതാര്യമാക്കുവാനും, കോപത്തിന്റെയും, ക്രോധത്തിന്റെയും പരുപരുത്തഭാവങ്ങളെ നീക്കി ക്ഷമയുടെയും, കാരുണ്യത്തിന്റെയും മൃദുലത സ്വന്തമാക്കുവാനും പരിശ്രമിച്ചുകൊണ്ട് കർത്താവിന്റെ കടന്നുവരവിനായി ഹൃദയത്തെ സജ്ജമാക്കുവാൻ ഈ ഒരുക്കദിനങ്ങൾ നമ്മെ സഹായിക്കട്ടെ.

ഈ പിറവിത്തിരുന്നാളിൽ ഈശോമിശിഹാ നിങ്ങളുടെ ഹൃദയങ്ങളിൽ വന്നു പിറക്കട്ടെ! അവിടുന്ന് ഹൃദയങ്ങളിൽ പിറന്നാൽ പിന്നെ ക്രിസസ്സുമ സ്സിന് നമ്മുടെ ജീവിതത്തിൽ അവസാനമുണ്ടാകില്ല.

ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ് മനുഷ്യാവതാരം. കാരുണ്യവർഷത്തിന്റെ പരിസമാപസ്തിയിൽ കടന്നുവരുന്ന ഈ ക്രിസസ്തുമസ്സ് നമ്മെ കൂടുതൽ സ്നേഹവും കാരുണ്യവുമുള്ളവരാക്കണം. ദൈവം നമുക്ക് ഓരോരുത്തർക്കും കനിഞ്ഞുനൽകിയിരിക്കുന്ന ദൈവീ കദാനങ്ങൾ പങ്കുവച്ചുകൊണ്ട് ദൈവീക കരുണയിൽ നമുക്കും പങ്കുചേ രാം. ഈ ക്രിസസ്തുമസ്സ്ദിനത്തിൽ നമ്മുടെ സമ്പാദ്യത്തിന്റെ ഒരുഭാഗം നമ്മുടെയിടയിലെ പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ സഹായത്തിനായി നമുക്ക് നീക്കിവയ്ക്കാം. തിരുപ്പിറവിദിനത്തിൽ രൂപതാവിദ്യാഭ്യാസ നിധിയി ലേയ്ക്ക് നിങ്ങളുടെ ഉദാരസംഭാവനകൾ ഞാനഭ്യർത്ഥിക്കുന്നു.

കടന്നുവരുന്ന പുതുവർഷം, 2017, നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും നിറഞ്ഞ ദൈവാനുഗ്രഹത്തിന്റെ വർഷമാകട്ടെ!

സ്നേഹത്തോടെ,

**മാർ ജോസഫ് അരുമച്ചാടത്ത്**

ഭദ്രാവതി രൂപതാമെത്രാൻ

## സർക്കുലർ

മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ

2016 ആഗസ്റ്റ് 22 മുതൽ സെപ്റ്റമ്പർ 02 വരെ മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 24–ാമത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

ആഗോള സഭയ്ക്ക് പ്രത്യേകിച്ചും ഭാരതസഭയ്ക്ക് അഭിമാനകരമായ നിമിഷങ്ങൾ പ്രദാനം ചെയ്ത മദർ തെരേസയുടെ വിശുദ്ധപദ പ്രഖ്യാപനചടങ്ങുകളുടെ പശ്ചാത്തലത്തിലാണ് സീറോ–മലബാർ സിനഡ് ഈ കഴിഞ്ഞ ഓഗസ്റ്റ് മാസം 17 മുതൽ സെപ്റ്റംമ്പർ 02 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയത്. സീറോ– മലബാർ സഭയുടെ 24- ാം സിനഡിന്റെ 2–ാം സമ്മേളനത്തിന് ശേഷം ഞാനും നമ്മുടെ സഭയിലെ പല പിതാക്കന്മാരും റോമിൽ വച്ച് നടന്ന നാമകരണപരിപാടികളിൽ സംബന്ധിക്കുകയുണ്ടായി. ആദ്യമേ തന്നെ മദർ തെരേസയുടെ മാദ്ധ്യസ്ഥ്യം വഴി ഭാരതസഭയ്ക്കും, സീറോ–മലബാർ സഭയ്ക്കും ധാരാളമായി അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യെമനിൽ നിന്ന് കാണാതായ ടോം ഉഴുന്നാലിൽ അച്ചന്റെ തിരോധാനത്തിൽ സിനഡ് ഉത്ക്കണ്ഠ' രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ തിരിച്ചുവരവിനായി പ്രാർത്ഥിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ തീവ്രവാദികളാൽ കൊലചെയ്യപ്പെട്ട ഫ്രാൻസിലെ ഫാ.ജാക്ക്സ് ഹമേലിന്റെ നിര്യാണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. കഴിഞ്ഞ കുറച്ച് നാളുകളായി വിദേശത്തും സ്വദേശത്തുമായി വിശ്വാസം കാത്തുസൂക്ഷിച്ച് രക്തസാക്ഷികളായ എല്ലാ വിശ്വാസികളെയും അനുസ്മരിച്ച് പ്രാർത്ഥിക്കുകയുണ്ടായി.

ആകെ 49 മെത്രാന്മാർ സംബന്ധിച്ച ഈ സിനഡിൽ ചർച്ച ചെയ്ത പ്രസക്തമായ വിഷയങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കാൻ ആഗ്രഹിക്കുകയാണ്. മുൻ സമ്മേളനത്തിന്റെ (ജനുവരി 2016) ചില സുപ്രധാന തീരുമാനങ്ങൾ

വിശകലനം ചെയ്യുകയും അതിനുശേഷം സഭാതലത്തിൽ ഉണ്ടായ പൊതു സ്വഭാവമുള്ള ചില കാര്യങ്ങൾ അനുസ്മരിക്കുകയും ചെയ്തു. അന്തരിച്ച മാർ ജെയിംസ് പഴയാറ്റിൽ പിതാവിന് ആദരാഞ്ജലികളും പ്രാർത്ഥനയും അർപ്പിക്കുകയും അദ്ദേഹം മെത്രാനായിരുന്ന ഇരിങ്ങാലക്കുട രൂപതയ്ക്ക് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

## കുടുംബ ജീവിത നവീകരണം

റോമിൽ നടന്ന സാർവ്വത്രിക മെത്രാൻ സിനഡിന്റെ "amoris laetitia" (സ്നേഹത്തിന്റെ ആനന്ദം) എന്ന പ്രബോധനരേഖയുടെ അടിസ്ഥാനത്തിൽ കുടുംബ ജീവിതം നവീകരിക്കുന്നതിനാവശ്യമായ നടപടികൾ രൂപതാതലത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. ക്രൈസ്തവമൂല്യങ്ങൾ പ്രത്യേകിച്ച് യുവജനങ്ങളെ പരിശീലിപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്ന് amoris laetitia ഉദ്ബോധിപ്പിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലുമുള്ള കുടുംബപ്രശ്നങ്ങളിൽ ജീവിക്കുന്നവരുടെ എണ്ണം ഇന്നത്തെ സമൂഹത്തിൽ ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. നിസ്സാരമായ കാര്യങ്ങളുടെ പേരിൽ പോലും വിവാഹ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ വിവാഹമോചനത്തിന്റെ വക്കിലേക്ക് നീങ്ങുന്ന പ്രവണത ആശങ്കാജനകമാണ്. വിവാഹത്തിന് മുൻപ് കൂടിതാമസിക്കുന്നതും വിവാഹത്തിനുമുൻമ്പുള്ള ലൈംഗിക ബന്ധങ്ങളും ക്രിസ്തീയ പഠനങ്ങൾക്ക് വിരുദ്ധമായ ദാമ്പത്യ സങ്കല്പ്പങ്ങളും ചിലയിടങ്ങളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ ഉത്കണ്ഠാകുലമാണ് ഭ്രൂണഹത്യ, പെൺകുഞ്ഞുങ്ങളെ നശിപ്പിക്കൽ, തുടങ്ങിയവ. അന്യമതത്തിൽ നിന്ന് വിവാഹം കഴിക്കുന്നവരുടെയും, മറ്റു ക്രൈസ്തവവിഭാഗത്തിൽ നിന്ന് വിവാഹബന്ധത്തിൽ ഏർപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം വളരെ ഗൗരവത്തോടെയാണ് കാണേണ്ടത്.

ദൈവവിളി പരിശീലനകളരിയാണ് കുടുംബം. ദൈവവിളി പ്രോത്സാഹനം ഏറ്റവും ആദ്യമായി നടക്കേണ്ടത് കുടുംബങ്ങളിലാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്വവും (responsible Parenthood), ധാർമ്മികമായ ദൗത്യവും സാക്ഷ്യപ്പെടുത്തി മക്കൾക്ക് മാതൃകയാകുവാൻ ഏവരും

ശ്രദ്ധിക്കണം. കുടുംബപ്രശ്നങ്ങൾക്ക് അജപാലനപരമായ പരിഹാരം കാണുവാനുള്ള വേദിയാണല്ലോ ഇടവക. വൈദികരും, സന്യസ്തരും കുടുംബസമാധാനത്തിനും സുസ്ഥിതിയ്ക്കും മുൻതൂക്കം കൊടുത്ത് കുടുംബപ്രേഷിതത്വ ശുശ്രൂഷ സജീവമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വൈദികരുടെ തുടർപരിശീലനപരിപാടിയിൽ (Ongoing formation) ഈ വിഷയം ഉൾപ്പെടുത്തി ആനുകാലികമായ പരിഹാരങ്ങൾ തേടുന്നത് നന്നായിരിക്കും. ഭവന സന്ദർശനം, ഹോം മിഷൻ, കുടുംബയൂണിറ്റുകളുടെ യോഗങ്ങൾ, എന്നിവ ഇടവകയിലെ കുടുംബജീവിത നവീകരണത്തിനും, സുസ്ഥിതിക്കും വേണ്ടി പ്രവർത്തിക്കേണ്ടതാണ്. ഫാമിലി കൗൺസിലിങ്ങ് പരിപാടികൾ ഇടവക തലത്തിലും ഫൊറോന തലത്തിലും സംഘടിപ്പിക്കുന്നത് കുടുംബ ജീവിത പ്രതിസന്ധികളിൽ കഴിയുന്നവരെ സഹായിക്കുവാൻ വഴിയൊരുക്കും. "amoris laetitia" എന്ന പ്രബോധന രേഖ കുടുംബയൂണിറ്റുകൾ വഴിയും കുടുംബ പ്രേഷിത വിഭാഗം വഴിയും യുവജനപ്രസ്ഥാനങ്ങൾ വഴിയും പ്രചരിപ്പിക്കേണ്ടതാണ്. കുടുംബ പ്രാർത്ഥന വിശ്വാസകൈമാറ്റത്തിനുള്ള ഉത്തമ വേദിയാണ്. മതബോധനക്ലാസുകളിൽ കുടുംബജീവിത മൂല്യങ്ങൾക്ക് പ്രധാന്യം കൊടുക്കേണ്ടതാണ്. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതാണെന്ന് മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. കുടുംബ ശിഥിലീകരണം കൂടുതൽ സംഭവിക്കുന്നത് അണുകുടുംബങ്ങളിൽ ആണെന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവാഹകോടതിയുടെ പ്രവർത്തനങ്ങൾ ലളിതവത്കരിച്ചിട്ടുണ്ടെങ്കിലും വിവാഹബന്ധത്തിന്റെ കൗദാശികസ്വഭാവവും ഈ കൂദാശയുടെ ഐക്യവും, അവിഭാജ്യതയും തകിടം മറിച്ചുകൊണ്ടുള്ള ഒരു നടപടിക്രമമല്ല പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ വിഭാവനം ചെയ്യുന്നത് എന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ.

### മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

മാർത്തോമാക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലിരുന്ന 'യോഗം' എന്ന് വിളിക്കപ്പെടുന്ന പുരാതന സഭാസംവിധാനത്തിന്റെ പുനരുദ്ധരിച്ചതും നവീകൃതവുമായ രൂപമാണ് സീറോ–മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി. സാധാരണയായി മേജർ ആർച്ച്ബിഷപ്പ് അഞ്ചു

വർഷത്തിലൊരിക്കൽ വിളിച്ചുകൂട്ടുകയും സഭാശുശ്രൂഷകളുടെയും സേവനങ്ങളുടെയും വിവിധ മേഖലകൾ പുനരവലോകനം ചെയ്ത് കൂടുതൽ ഫലപ്രദമായ മാർഗങ്ങൾ ആരായുകയും ചെയ്യുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ആനുകാലിക ലോകത്തിൽ കൂടുതൽ ക്രിയാത്മകമായി വർത്തിക്കുന്നതിന് ഉപകരിക്കുന്ന കാര്യങ്ങൾ 2016 ഓഗസ്റ്റ് 25 മുതൽ 28 വരെ ഇരിങ്ങാലക്കുട രൂപതയുടെ കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജിൽവച്ച് നടന്ന അസംബ്ലിയിൽ ചർച്ച ചെയ്യുകയുണ്ടായി. അതിലേക്കായി സഭാ വിശ്വാസികളിൽ നിന്ന് വിഷയങ്ങൾ ക്ഷണിക്കുകയും, രൂപതകൾ, സന്യാസസ്ഥാപനങ്ങൾ, പ്രവാസിസമൂഹങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവിധ വിഷയങ്ങൾ സമാഹരിക്കുകയും ചെയ്തു. അവയിൽ ഏറ്റവും കൂടുതൽ നിർദ്ദേശിക്കപ്പെട്ടവയായ ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം, എന്നീ മൂന്ന് ആനുകാലിക പ്രസക്തമായ വിഷയങ്ങളെ കുറിച്ച് ചർച്ചയും നടത്തി. ഈ അസംബ്ലിയിൽ നടന്ന ചർച്ചകളെക്കുറിച്ചും, തീരുമാനങ്ങളെക്കുറിച്ചും വിശദമായി മറ്റൊരു രേഖയിലൂടെ നിങ്ങളെ ഞാൻ അറിയിക്കുന്നതായിരിക്കും.

## പ്രകൃതിസംരക്ഷണം

പരിസ്ഥിതി സംരക്ഷണത്തിൽ സഭയുടെ സജീവ പങ്കാളിത്തവും ക്രിയാത്മകമായ ഇടപെടലുകളും ആണ് സിനഡ് ചർച്ച ചെയ്ത മറ്റൊരു വിഷയം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ഇടവക പള്ളിയും ചുറ്റുപാടുകളും പ്രകൃതി സംരക്ഷണാത്മകമായി ക്രമീകരിക്കുക, സ്കൂളുകളും, സ്ഥാപനങ്ങളും ശുചിയായി പരിപാലിക്കുക എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. പഞ്ചായത്തും, മറ്റു പ്രാദേശിക ഭരണസംവിധാനങ്ങളും, ഗവൺമെന്റുമായി സഹകരിച്ച് പരിസ്ഥിതിയെ സംരക്ഷിക്കുവാനുള്ള പദ്ധതികൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. മാലിന്യസംസ്ക്കരണം ശാസ്ത്രീയമായും ലളിതമായും നടത്തുവാനുള്ള അവബോധം എല്ലാവർക്കും നൽകേണ്ടതാണ്. ഭക്ഷണമാലിന്യങ്ങൾ വീടിന്റെ പരിസരത്തും വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും വലിച്ചെറിയാതിരിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്. സംസ്ക്കരിക്കാൻ ബുദ്ധിമുട്ടുള്ള മറ്റു പദാർഥങ്ങളുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്. ഈ അവബോധം രൂപീകരിക്കുവാൻ ഒരു

കൈപ്പുസ്തകം (Handbook on Environmental Protection and Civic Sense) തയ്യാറാക്കുവാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പൂർവ്വികർ ഉപയോഗിച്ച് തലമുറകളായി നമുക്ക് കൈമാറിയ നല്ല പ്രകൃതിയെയും ശുദ്ധവായുവിനെയും കുടിവെള്ളത്തെയും ഈ തലമുറയ്ക്കും വരും തലമുറയ്ക്കും അങ്ങനെ തന്നെ കൈമാറേണ്ടതു സാമൂഹ്യനീതിയുടെ ഒരു വശമാണ് എന്നാണ് സഭ പഠിപ്പിക്കുന്നത്.

## പാലിയേറ്റിവ് കെയർ

സഭയുടെ ശ്രദ്ധ പതിയ്ക്കേണ്ട മറ്റൊരു പ്രധാന രംഗമാണ് പാലിയേറ്റിവ് കെയർ. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന കിടപ്പുരോഗികളോടും മരണാസന്നരോടും സ്നേഹത്തോടും സഹാനുഭൂതിയോടും കൂടെ പെറുമാറേണ്ടതുണ്ട്. അവരെ നല്ല മണത്തിന് ഒരുക്കേണ്ടത് സഭയുടെ ചുമതലയാണ്. ചിലയിടത്തെല്ലാം പാലിയേറ്റിവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത് സന്തോഷകരമായ കാര്യമാണ്. ആവശ്യമായ ഇടങ്ങളിലെല്ലാം ഇത്തരം സംരംഭങ്ങൾ രൂപതാതലത്തിൽ തുടങ്ങുന്നത് നന്നായിരിക്കും. സന്യാസസമൂഹങ്ങളുടെ സഹകരണം ഈ കാര്യത്തിൽ തേടാവുന്നതാണ്.

## വിവിധ കമ്മീഷനുകൾ

നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കുന്നതിനും അതിനു നേതൃത്വം നൽകുന്നതിനും രൂപീകരിച്ചിട്ടുള്ള കമ്മീഷനുകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും ഓഫീസുകളുടെയും പ്രവർത്തനങ്ങൾ സിനഡിൽ വിലയിരുത്തുകയുണ്ടായി. സിനഡൽ സെമിനാരികളായ ആലുവ, കോട്ടയം, കുന്നോത്ത്, സത്നാ സെമിനാരികളിൽ അനേകം വൈദികാർത്ഥികൾ നമ്മുടെ സഭയ്ക്കുവേണ്ടി പൗരോഹിത്യ പരിശീലനം നടത്തുന്നു എന്നത് അഭിമാനകരമാണ്. ഇതിനു പുറമെ സന്യാസസഭകളുടെ സെമിനാരികളും, മൈനർ സെമിനാരികളും ഉണ്ട്. വൈദികപരിശീലനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സഭയുടെ എല്ലാ തലങ്ങളിലും ദൈവവിളി പ്രോത്സാഹനത്തിന് പ്രത്യേകം താല്പര്യം കാണിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും മിഷൻ രൂപതകളിലേയ്ക്കും, മിഷനിൽ പ്രവർത്തിക്കുന്ന സന്യാസസമൂഹങ്ങളുടെ പ്രോവിൻസുകളിലേയ്ക്കും, ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാൻ ഇട

വകവികാരിമാർ അവസരമൊരുക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹ നത്തിനായി സിനഡ് തലത്തിൽ ഒരു കമ്മീഷൻ പ്രവർത്തിക്കുന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. സഭയിൽ സന്യസ്തരുടെ ശുശ്രൂഷ വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിൽ സ്ത്രീകൾക്കായുള്ള സന്യാസസമൂഹങ്ങളി ലേക്കും സഹോദരർക്കായുള്ള സമർപ്പിതസമൂഹങ്ങളിലേയ്ക്കും (Brother-hood) ദൈവവിളി കുറഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. വൈദികാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ കുറവില്ലെന്നത് ആശാവഹ മാണ്. പൗരോഹിത്യജീവിതത്തിലെ സമർപ്പിത ശുശ്രൂഷയ്ക്കായി മുന്നോട്ടുവ രുന്ന സെമിനാരിക്കാരെയും, അർത്ഥികളെയും, അഭിനന്ദിക്കുന്നതോടൊപ്പം അവരെ സഭാസേവനത്തിനയച്ച മാതാപിതാക്കളോട് സഭയ്ക്കുള്ള നന്ദി യും ഞാൻ അറിയിക്കട്ടെ. ദൈവവിളി പ്രോത്സാഹനത്തിന് ബഹു. വികാരി യച്ചന്മാരുടെയും ഇടവകയിൽ പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെയും പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ ഉദ്ബോധി പ്പിക്കുന്നു. വൈദികപരിശീലനത്തിന് സാമ്പത്തികമായി സഹായമെത്തി ക്കുവാൻ അല്മായ സഹോദരങ്ങളും മുന്നോട്ട് വരേണ്ടതാണ്. അങ്ങനെ വൈദികർ, സന്യസ്തർ, കുടുംബാംഗങ്ങൾ, മതാദ്ധ്യാപകർ എല്ലാവരും ഒത്തൊരുമിച്ച് ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സ്വന്തം രൂപതയി ലും സ്വന്തം രൂപതയിലെ സന്യാസസമൂഹങ്ങളിലും എന്നതുപോലെ തന്നെ മിഷനിൽ പ്രവർത്തിക്കുന്ന രൂപതകളിലേയ്ക്കും, സന്യാസസമൂഹങ്ങളി ലേയ്ക്കും ദൈവവിളി പ്രോത്സാഹിപ്പിക്കണം.

'കുടുംബത്തിനും അല്മായർക്കും വേണ്ടിയുള്ള മേജർ ആർക്കി എപ്പി സ്ക്കോപ്പൽ കമ്മീഷൻ', 'കുടുംബത്തിനും, അല്മായർക്കും, ജീവനും വേണ്ടിയുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കമ്മീഷൻ' എന്നാക്കി പുനർനാമകരണം ചെയ്തിട്ടുണ്ട്. കുടുംബജീവിതത്തിന്റെ പ്രാധാന്യവും, ജീ വിതസാക്ഷ്യവുംപോലെ തന്നെ പ്രധാനപ്പെട്ടതാണ് ജീവന്റെ മൂല്യം കാത്തു സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം. കുടുംബജീവിത നവീകരണത്തെപ്പറ്റി നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. മതബോധനകമ്മീഷന്റെ പ്രാധാന്യം കണ ക്കിലെടുത്ത് കേരളത്തിലും, കേരളത്തിനു പുറത്തും, ആഗോളതലത്തിലും സീറോ–മലബാർ സഭയുടെ മതബോധന പാഠ്യപദ്ധതി നടപ്പിലാക്കാൻ ഈ കമ്മീഷന്റെ നേതൃത്വത്തിലുള്ള പരിശ്രമങ്ങളുമായി എല്ലാവരും സഹക

രിക്കുമല്ലോ. മതബോധന ക്ലാസ്സുകൾക്കൊപ്പം തന്നെ കുടുംബം, ഇടവക, ആരാധനക്രമം തുടങ്ങിയവയെല്ലാം വിശ്വാസപരിശീലനത്തിനുള്ള വേദിക ളാകണം. യുവജനങ്ങളുടെ സഭയിലെ പങ്കാളിത്തം എല്ലാ തലത്തിലും കൂടുൽ സജീവമാക്കേണ്ടതുണ്ട്. അതിനായി യുവജനകമ്മീഷൻ തയ്യാറാക്കിയ സീ റോ– മലബാർ യൂത്ത് മൂവ്മെന്റിന്റെ നിയമാവലി സിനഡിൽ അംഗീകരിച്ചു. ഈ അടുത്തകാലത്തു പോളണ്ടിൽ നടന്ന വേൾഡ് യൂത്ത് ഡേയിൽ നമ്മുടെ സഭയിൽ നിന്നുണ്ടായ യുവജനപ്രാതിനിധ്യം അഭിനന്ദനാർഹമാണ്. കത്തോ ലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അതിന്റെ നി യമാവലിക്കു അംഗീകാരം നൽകുകയും ചെയ്തു. സഭയിൽ സന്യസ്തരുടെ ശുശ്രൂഷ വിലപ്പെട്ടതാണ്. രൂപതാതലത്തിലും, ഇടവകതലത്തിലും, സന്യസ്ത രുമായി നല്ല ബന്ധം പുലർത്തുവാൻ ബന്ധപ്പെട്ടവർ ശ്രമിക്കുമല്ലോ. വിദ്യാ ഭ്യാസ രംഗത്തും ആതുരസേവനരംഗത്തും സന്യാസസമൂഹങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ യേശുവിന്റെ കരുണാർദ്രമായ സ്നേഹത്തിനും സുവിശേവ ത്ക്കരണത്തിനുമുള്ള വേദികളായി മാറേണ്ടതാണ്. സമർപ്പിതർക്കായുള്ള കമ്മീഷനും, സീറോ– മലബാർ കോൺഫറൻസ് ഫോർ റിലീജിയസും ഈ കാര്യത്തിൽ നടത്തുന്ന നേതൃത്വം ശ്ലാഘനീയമാണ്.

കേരളത്തിനു പുറത്തും ഇന്ത്യയിലുമുള്ള സീറോ–മലബാർ മക്കളുടെ അജപാലനകാര്യങ്ങൾക്കായി ഒരു (Apostolic Visitator) നെ നിയമിച്ചിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. നാഗ്പൂർ കേന്ദ്രമാക്കി ഇതിനായി ഒരു ഓഫീ സ് പ്രവർത്തിക്കുന്നുണ്ട്. ഈ വിസ്റ്റേറ്ററായ മാർ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന അസോസിയേഷൻ ഓഫ് സീറോ മലബാർ (ASSM) മിഷൻസപ്പോർട്ടിന് നിർലോപമായ സഹായസഹകരണങ്ങൾ നൽകണമെന്ന് ഈ അവസരത്തിൽ ഉദ്ബോധിപ്പിക്കുന്നു. ഇതിന്റെ പേര് സീറോ മലബാർ മിഷൻ എന്നാക്കി സിനഡ് പുനർനാമകരണം ചെയ്യുകയുണ്ടായി. പ്രേഷി ത പ്രവർത്തനത്തിനും, പ്രവാസിഅജപാലന ശുശ്രൂഷയ്ക്കുമായി ഉള്ള കമ്മീഷന്റെ റിപ്പോർട്ട് സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയ്ക്ക് പുറത്ത് യൂറോപ്പിൽ – ഗ്രേറ്റ് ബ്രിട്ടനിലുള്ള വിശ്വാസികൾക്കുവേണ്ടി നമുക്ക് ഒരു രൂപത ലഭിച്ചതും, അതിന്റെ പ്രഥമ മെത്രാനായി മാർ ജോസഫ് സ്രാമ്പിക്കലിനെ നിയമിച്ചതും നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. യൂറോപ്പിലെ

ഇതരരാജ്യങ്ങളിലെ അജപാലനശുശ്രൂഷകൾ ക്രോഡീകരിക്കുന്നതിന് Apostolic Visitator ആയി മാർ സ്റ്റീഫൻ ചിറപ്പണത്തിനെയും ഈയിടെ പരി. പിതാവ് നിയമിച്ചിട്ടുണ്ട്. മറ്റിടങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ഊർജിതമായ അജപാലന ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. ഗൾഫിലെ സഭാനേതൃത്വവുമായി ഈയിടെ സിനഡ് പിതാക്കന്മാർ നടത്തിയ ചർച്ചകളുടെ വിശദവിവരങ്ങൾ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി.

ജോലി സംബന്ധിച്ചും പഠനത്തിനുമായി നാട്ടിൽ നിന്നും അന്യസ്ഥലങ്ങളിലേക്ക് പോകുന്നവർ സ്വന്തം ഇടവകയിൽ നിന്ന് വികാരിയച്ചന്റെ എഴുത്തുകൊണ്ടുപോകുന്നകാര്യം ഓർമ്മപ്പെടുത്തുന്നു. പുതിയ സ്ഥലത്തു ചെന്ന് അവിടുത്തെ ബന്ധപ്പെട്ട അച്ചന് ആ കത്ത് കാണിച്ച രജിസ്റ്റർ ചെയ്യുകയും നമ്മുടെ സഭയുടെ ആത്മീയകാര്യങ്ങൾക്കും, നമ്മുടെ സഭയുടെ അജപാലനശുശ്രൂഷയ്ക്കും ഉള്ള സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനായി ഒരു "migrants form"തയ്യാറാക്കിയിട്ടുള്ളത് ഉപയോഗിക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽ നിന്നും വിവാഹത്തിനായി നാട്ടിലേയ്ക്ക് വരുമ്പോൾ അവിടെയുള്ള സീറോ–മലബാർ വൈദികനിൽ നിന്നുള്ള കത്ത് (കുറി) കൊണ്ടുവരേണ്ടതാണ്.

നമ്മുടെ നാട്ടിൽ മത വിദ്വേഷം, വർദ്ധിച്ചുവരുന്നതും തീവ്രവാദ സംഘടനകളിലേയ്ക്ക് നമ്മുടെ മക്കൾ വഴിതെറ്റിപ്പോകുന്നതും ആശങ്കാജനകമാണ്. ദേശീയതലത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ ബിൽ (National Education Bill) നൂനപക്ഷങ്ങളെ ഹനിക്കുന്ന രീതിയിലേക്ക് പോകുന്നത് അപലപനീയമാണ്.

സീറോ–മലബാർ സഭയുടെ ഔദ്യോഗിക ആന്തം (Official anthem) അവസരോചിതമായി ഉപയേഗിക്കുവാൻവേണ്ടി സിനഡിന്റെ അവസരത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം സെപ്തംബർ 2–ാം തീയതി ഉച്ചയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്ത

നങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിനു നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോ– മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

## സീറോ മലബാർ മിഷൻ വാരാചരണം (2017 ജനുവരി 6–12)

## സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭയ്ക്ക് ഇന്നൊരു ആഗോള സ്വഭാവം ഉണ്ട്. സഭാതനയർ ചെന്നെത്താത്ത ഇടങ്ങളോ എത്തിപ്പിടിക്കാത്ത മേഖലകളോ ചുരുക്കമാണ്. അവരുടെ വിശ്വാസജീവിതം ക്രൈസ്തവസാക്ഷ്യത്തിന്റെ നല്ല പ്രകാശനമാണ്. കേരളത്തിലെ സീറോ മലബാർ സഭ ഇതിനോടകം കൈവരിച്ച ആത്മീയമായ ഉൾക്കരുത്തിന്റെ തെളിവുമാണത്.

'ഭാരതമേ നിൻ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ XIII–ാം മാർപാപ്പയുടെ വാക്കുകൾ പകർന്നുതന്ന പ്രചോദനത്തോടെ മിഷൻലീഗ്, സി. എൽ. സി., യൂത്ത് മൂവ്മെന്റ്, ജീസസ് യൂത്ത്, വിൻസെന്റ് ഡി പോൾ, മാതൃവേദി തുടങ്ങിയ ഭക്തസംഘടന കളും മിഷൻ ചൈതന്യത്തോടെ പ്രവർത്തനനിരതമായിരിക്കുന്നു.

'നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ 16:15) എന്ന ഈശോയുടെ വചസ്സുകൾ ശിരസ്സാവഹിച്ചുകൊണ്ടാണല്ലോ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്ക് പ്രേഷിതരായി പോയതും ക്രിസ്തീയ സമൂഹങ്ങൾക്ക് അടിസ്ഥാനമിട്ടതും. ഈ പ്രേഷിതചൈതന്യം സഭാമക്കളിൽ വളർത്തുകയും ഉജ്ജീവിപ്പിക്കുകയും ചെയ്യുകയെന്നതാണ് സീറോ–മലബാർ പ്രേഷിതവാ

രാചരണത്തിന്റെ ലക്ഷ്യം.'സഭ സ്വഭാവത്താലെ പ്രേഷിതയാണ്'(അഏ്ദ 2). ആയതിനാൽ സഭാമക്കൾ പ്രേഷിതചൈതന്യം നിറഞ്ഞവരാകണം. തന്മൂലം നമ്മുടെ കഴിവും ജീവിതാന്തസ്സും സാഹചര്യങ്ങളും അനുസരിച്ച് സുവിശേഷപ്രഘോഷണത്തിനും പ്രേഷിതപ്രവർത്തനത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾഏവരേയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

പ്രേഷിതവാരമായി നിശ്ചയിച്ചിരിക്കുന്നത് ദനഹാ തിരുന്നാൾ തുടങ്ങിയുള്ള ഒരാഴ്ചക്കാലമാണ് (ജനുവരി 6–12). മിഷനെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും മിഷനറിമാരെ പ്രോത്സാഹിപ്പിക്കുവാനും ഈയവസരം നമ്മെ സഹായിക്കട്ടെ! മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ആഴമായ അവബോധം സൃഷ്ടിക്കുവാൻ ഉതകുന്ന രീതിയിൽ സെമിനാറുകളും ക്ലാസ്സുകളും മിഷൻമേളകളും ഇടവക തലങ്ങളിൽ സംഘടിപ്പിക്കുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. സീറോ–മലബാർ സഭാതനയർ എല്ലാവരും മിഷൻ തീക്ഷ്ണതകൊണ്ട് നിറയുവാൻ പ്രേഷിതവാരാചരണം കാരണമാകട്ടെ!

2016 ആഗസ്റ്റ് മാസത്തിൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായ 'ജീവിതത്തിലെ ലാളിത്യം' മിഷൻ ചൈതന്യത്തിലും ഉണ്ടായിരിക്കണം. നമ്മുടെ ആഘോഷങ്ങളിലും തിരുന്നാളുകളിലും കടന്നുകൂടുന്ന ആർഭാടവും ധൂർത്തും നിർബന്ധമായും ഒഴിവാക്കുവാനും അപ്രകാരം സമാഹരിക്കുന്ന തുകയിൽ ഒരുഭാഗമെങ്കിലും മിഷൻ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കുവാനും പരിശ്രമിക്കണം. ഓരോ വ്യക്തിയും കുടുംബവും ഇടവകയും സ്ഥാപനവും മിഷനുവേണ്ടി എന്തുചെയ്യുന്നുവെന്ന് ആത്മശോധനചെയ്യാൻ മിഷൻവാരം കാരണമാകണം. നമ്മുടെ വിശ്വാസം ഫലം ചൂടുന്നത് നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്. സമൂഹത്തിൽ അവഗണിക്കപ്പെട്ടു കഴിയുന്നവരോട് അനുകമ്പയുടെ സുവിശേഷം പ്രഘോഷിക്കുന്ന പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ശൈലിയും, എത്ര ചെറിയ കാര്യവും ഈശോയോടുള്ള സ്നേഹത്തെപ്രതി ചെയ്യുമ്പോൾ അത് വലിയ സുവിശേഷവേലയായി മാറുന്നുവെന്ന വിശുദ്ധ മദർ തെരേസയുടെ വാക്കുകളും നമുക്ക് പ്രചോദനമാകട്ടെ!

നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനുകളെ സഹായിക്കുവാനുമായി 'സീറോ–മലബാർ മിഷൻ' എന്ന പേരിൽ ഒരു ഓഫീസ് സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്നകാര്യം ഓർമ്മപ്പെടുത്തുന്നു. സഭയുടെ വളർച്ചയിലും, മിഷൻ പ്രവർത്തനങ്ങളിലും വളരെ ശ്ലാഘനീയമായ കാര്യങ്ങളാണ് 'സീറോ–മലബാർ മിഷൻ' കാഴ്ചവയ്ക്കുന്നത്. നമ്മുടെ സഭയിലെ അനേകം മിഷനുകളെയും വൈദിക–സന്യസ്തരെയും ഈ ഓഫീസുവഴി സഹായിക്കുന്നുണ്ട്. സഭയിൽനിന്ന് മിഷൻ പ്രവർത്തനത്തിനായി പോകുന്ന വൈദിക–സന്ന്യാസാർത്ഥിനികളുടെ പരിശീലനത്തിൽ *(Sponsor a Seminarian/ Sponsor a Sister)* സാമ്പത്തികമായി സഹായിക്കുവാൻ ആർക്കെങ്കിലും താല്പര്യമുണ്ടെങ്കിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'നമുക്ക് അവനോടുകൂടെ പോയി മരിക്കാം' (യോഹ 11:16) എന്ന വാക്കുകൾ പ്രേഷിത തീക്ഷ്ണതയുടെ ഏറ്റവും വലിയ തെളിവാണ്. ഭാരതത്തിലേക്ക് ശ്ലീഹാ നടത്തിയ സാഹസിക യാത്രയും കൈവരിച്ച ധീരരക്തസാക്ഷിത്വവും നമുക്ക് മിഷനെ അറിയുവാനും സ്നേഹിക്കുവാനും സഹായിക്കുവാനും ശക്തിപകരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

## രൂപതാകച്ചേരി വാർത്തകൾ

### രൂപതാദിനം 2016

ഭദ്രാവതിരൂപതാ സ്ഥാപനത്തിന്റെ ഒൻപതാം വാർഷികാഘോഷം, 2016 ഒക്ടോബർ 25–ന് ഷിമോഗ സെ. ജോസഫ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.രാവിലെ 09.30–ന് ആരംഭിച്ച വി. കുർബ്ബാനയുടെ ആരാധനയിലും തുടർന്ന് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ട വി. കുർബ്ബാനയിലും ദൈവം നൽകിയ വലിയ കൃപകൾക്ക് നന്ദി പറഞ്ഞു. ആനവട്ടി എഫ്.സി.സി. കോൺവെന്റിലെ ബഹു. സിസ്റ്റേഴ്സ് വി. കുർബ്ബാനയുടെ ആരാധനക്കു നേതൃത്വം നൽകി. രൂപതയിലെ ബഹു. വൈദികർ അഭിവന്ദ്യപിതാവിനോട് ചേർന്ന് വി. ബലിയിൽ സഹകാർമ്മികരായി. പെരി. ബഹു. വികാരി ജനറാൾ അഗസ്റ്റ്യൻ ഉറുമ്പുകാട്ടിലച്ചൻ കുർബാനമദ്ധ്യേ വചനസന്ദേശം നൽകി.

തുടർന്നു നടന്ന പൊതുസമ്മേളനം ഷെട്ടികൊപ്പ ഇടവകയിലെ കുഞ്ഞുമക്കളുടെ പ്രാർത്ഥനാനൃത്തത്തോടെ ആരംഭിച്ചു. രൂപതാ ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ലോകത്തിന്റെ പ്രകാശമായ ഈശോയുടെ നിറസാന്നിദ്ധ്യത്തിന്റെ പ്രതീകമായി നിലവിളക്ക് തെളിച്ച് അഭിവന്ദ്യ പിതാവ് രൂപതാദിനാഘോഷവും, നവസുവിശേഷവൽക്കരണവർഷവും, രൂപതാ സ്ഥാപനത്തിന്റെദശവാർഷികാഘോഷത്തിന്റെഉദ്ഘാടനവുംനിർവഹിച്ചു. വൈദിക, സന്യസ്ഥ അൽമായ പ്രതിനിധികൾ പിതാവിനോടൊപ്പം ദീപം തെളിച്ചു. ഫാ. ഫ്രാൻസീസ് അള്ളുംപുറം പവർ പോയിന്റ് പ്രസന്റേഷനിലൂടെ മൂന്നു വർഷമായി നടത്തപ്പെടുന്ന ദശവാർഷികാഘോഷങ്ങളുടെ മാർഗരേ ഒരിക്കൽക്കൂടി സദസ്സിനെ അനുസ്മരിപ്പിച്ചു,

അഭിവന്ദ്യ അരുമച്ചാടത്തു പിതാവ് അദ്ധ്യക്ഷ പ്രസംഗത്തിൽ രൂപതയിൽ ഈ വർഷം ആചരിക്കപ്പെടുന്ന നവസുവിശേഷവൽക്കരണവർഷത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും, രൂപതാസ്ഥാപനത്തിന്റെ പത്താം വാർഷികാഘോഷങ്ങളുടെ കർമ്മപദ്ധിതികളും സമ്യക്കായി വിവരിച്ചു. ജൂബിലി ആഘോഷിക്കുന്നവരെയും, രൂപതാതലത്തിൽ നേട്ടങ്ങൾ കൈവരിച്ച

വരെയും അഭിവന്ദ്യപിതാവ് ആദരിച്ചു. പെരി. ബഹു. വികാരി ജനറാൾ അഗസ്റ്റ്യൻ ഉറുമ്പുകാട്ടിലച്ചൻ രൂപതയുടെ വെബ്സൈറ്റിനെ സദസ്സിനു പരിചയപ്പെടുത്തി. അഭിവന്ദ്യ പിതാവ് വെബ്സൈറ്റിന്റെ ഉദ്ഘാടനം തദവസരത്തിൽ നിർവ്വഹിച്ചു.

ബഹു. സെബാസ്റ്റ്യൻ പുല്ലുക്കാട്ടച്ചനും, ശ്രീമതി ബ്രിജിറ്റ് തോമസും രൂപതാദിനത്തിന്റെ ആശംസകൾ നേർന്നും, ജൂബിലി ആഘോഷിക്കുന്നവരെയും, വിവിധതരത്തിൽ നേട്ടങ്ങൾ കരസ്ഥമാക്കിയവരെയും അനുമോദിച്ചും സംസാരിച്ചു. എൻ. ആർ. പുര ഇടവകയിലെ കുഞ്ഞുമക്കളുടെ സംഘനൃത്തം യോഗത്തിന് താളം പകർന്നു. പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ ജോമി മാത്യു എല്ലാവർക്കും നന്ദി പറഞ്ഞു. പേപ്പൽ ആന്തത്തോടെ യോഗം അവസാനിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം എല്ലാവരും പിരിഞ്ഞു.

## 2016 രൂപതാദിനത്തിൽ ആദരിക്കപ്പെട്ടവർ

### SILVER JUBILEE OF RELIGIOUS PROFESSION

Rev. Sr. Vijay FCC
Rev. Sr. Rosline John SH
Rev. Sr. Anice Myppaan SH

### GOLDEN JUBILLE OF WEDDING ANNIVERSARY

Mr. Jose and Mrs. Leelamma Edassery

### 25 YEARS IN CATECHISM MINISTRY

Mrs. Thressiamma Thomas Koikara

### CATECHISM TOPPERS OF THE YEAR 2015-2016

7th Std. : Anitha Babu

10th Std. : Jishma Pappachan

12th Std. : Hrudya Jose

**SSLC EXAM TOPPER OF THE YEAR 2016**

Dhanya D

Sonal Jacob

**BEST SUNDAY SCHOOL**

St. Antony's Church, Iduvally (2015-2016)

St. Anne's Church, Muthinkoppa (2014-2015)

**DIOCESAN LEVEL PARISH BIBLE QUIZ**

St. Sebastian's Church, Makkod

**LOGOS QUIZ DIOCESAN TOPPERS OF THE YEAR 2016**

| | | |
|---|---|---|
| 1st | Lilly Vincent Kattookaran | St.Joseph's Forane Church, Shimoga |
| 2nd | July Shaji Maippan | St.Joseph's Forane Church, Shimoga |
| 3rd | Lincy Saju Nellissery | St.Sebastian's Church, Makkod |
| | Sr. Rose SABS | Good Shepherd Forane Church, Ripponpet |

**SPECIAL ACHIVEMENT**

Mr. K. E. Mathew, Shimoga (President's award for meritorious service in police department)

## ഇന്റർ ഡയൊസിഷ്യൻ പ്രീസ്റ്റ് കോൺഫ്രൻസ്

ബെൽത്തങ്ങടി, ഭദ്രാവതി, മണ്ഡ്യ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും വൈദികരും ഒന്നു ചേരുന്ന വൈദികസമ്മേളനത്തിന്റെ രണ്ടാമത്തെ യോഗം 2016 നവംബർ 23–24 തിയതികളിൽ കെങ്കേരി ക്രൈസ്റ്റ് യൂണിവേഴ്സിറ്റി കാമ്പസിൽ വച്ചു നടത്തപ്പെട്ടു. മൂന്നു രൂപതകളിൽ നിന്നായി 111 വൈദികർ സമ്മേളനത്തിൽ പങ്കുചേർന്നു. 23–ാം തിയതി വൈകുന്നേരം 6 മണിക്ക് ജപമാലക്കും, സായാഹ്ന പ്രാർത്ഥനക്കും ശേഷം ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് എല്ലാവർക്കും സ്നേഹപൂർവ്വം സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ദീപം തെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. പോൾ വാഴപ്പിള്ളി ബൽത്തങ്ങടി ജ്ഞാനനിലയത്തിൽ വച്ചു നടന്ന ആദ്യ വൈദികസമ്മേളനത്തിന്റെ മിനിറ്റ്സ് അവതരിപ്പിച്ചു. അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ഉദ്ഘാടന സന്ദേശവും,അഭിവന്ദ്യ അരുമച്ചാടത്ത് പിതാവ് അനുഗ്രഹപ്രഭാഷണവും നടത്തി. സ്വയം പരിചയപ്പെടുത്തലിനു ശേഷം വിഭവസമൃദ്ധമായ വിരുന്നും, തുടർന്ന് രൂപതാ അടിസ്ഥാനത്തിൽ യോഗവും നടന്നു. യോഗത്തിന്റെ രണ്ടാംദിനം പ്രഭാതപ്രാർത്ഥനയെ തുടർന്ന് സമൂഹ ബലിയോടെ ആരംഭിച്ചു. അഭിവന്ദ്യ അരുമച്ചാടത്ത് പിതാവ് വി. കുർബാനക്ക് മുഖ്യകാർമികത്വം വഹിച്ചു.അഭിവന്ദ്യ ലോറൻസ് പിതാവ് വചനസന്ദേശം നൽകി. അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കും ഏറെ ഉപകാരപ്രദമായ വിധത്തിൽ അറിവുകളെ അനുഭവങ്ങളുടെ പിൻബലത്തോടെ വളരെ ആസ്വാദ്യകരമാക്കികൊണ്ട് അഭിവന്ദ്യ എടയന്ത്രത്ത് പിതാവ് ക്ലാസ്സെടുത്തു. മണ്ഡ്യ രൂപതാ സഹവികാരി ജനറാൾ വെരി റവ. ഫാ. മാത്യു കോയിക്കരഎടയന്ത്രത്ത് പിതാവിനെ പരിചയപ്പെടുത്തി സ്വാഗതമാശംസിച്ചു. ക്ലാസിനെ തുടർന്ന് മൂന്നു രുപതകളുടെയും പൊതുതാൽപര്യ വിഷയങ്ങൾ ചർച്ച ചെയ്തു. സമാപന സമ്മേളനത്തിൽ അഭിവന്ദ്യപിതാക്കന്മാരും ബൽത്തങ്ങടി, ഭദ്രാവതി രൂപതാ വികാരി ജനറാളച്ചന്മാരും യോഗത്തെ അഭിസംബോധനചെയ്തു സംസാരിച്ചു. ഫാ. ഫ്രാൻസീസ് അള്ളുംപുറത്തിനെ യോഗത്തിന്റെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അടുത്ത യോഗം മൂന്നു വർഷങ്ങൾക്കു ശേഷം ഭദ്രാവതിയിൽ നടത്താൻ തിരുമാനമായി. മണ്ഡ്യ രൂപതാ വികാരി

ജനറാൾ റവ. ഫാ. ജോർജ്ജ് ആലുക്ക എല്ലാവർക്കും നന്ദിയർപ്പിച്ചു. ഉച്ച ഭക്ഷണത്തോടെ യോഗം സമാപിച്ചു.

**പ്രത്യേക പിരിവുകൾ**

1) **സീറോമലബാർ പ്രേഷിതവാര പിരിവ്: 2017 ജനുവരി 15**
2) **തിരുബാലസഖ്യദിനം: 2017 ഫെബ്രുവരി 12**

മണ്ഡ്യ രൂപതാ വികാരി ജനറാൾ റവ. ഫാ. ജോർജ്ജ് ആലുക്ക എല്ലാവർക്കും നന്ദിയർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു.

## DECENNIAL YEAR CELEBRATION

### Adoration of the Holy Eucharist at Bodhana Pastoral Centre, Jedikatte, Bhadravathi

Dear Rev. Fathers,

Greetings from the Diocesan Bible Convention Team!

The pastoral council held on 15 October 2016 decided to conduct adoration of the Holy Eucharist at the diocesan pastoral centre the whole year as a preparation to the decennial diocesan day in October 2017. Accordingly the following list is prepared. Kindly make arrangements to come in group and do the adoration on the day assigned to your parish. Regarding any change in the proposed date please contact me. Before you come to the pastoral centre please contact also Fr. Paulose Pudussery (8762930361), administrator of the Pastoral Centre. Let us join together in thanking God almighty for the graces He showered upon our diocese and also interceding for the needs of the diocese.

Thanking you advance for your cooperation,

Fr. Thomas Kulathinkal
Coordinator, Diocesan Bible Convention

| Date | Parish |
|---|---|
| 15 November 2016 | **Anandapuram**, Sacred Heart Church |
| 30 November 2016 | **Anavatty**, Kristuraj Church |
| 15 December 2016 | **Balehonnur**, St. George Church |
| 30 December 2016 | **Bhadravati** (Moolekatte), Infant Jesus Church |
| 16 January 2017 | **Chettikudige**, St. Mary's Church |
| 30 January 2017 | **Davangere**, St. Joseph's Church |
| 15 February 2017 | **Gorigandi**, St. Thomas Church |
| 28 February 2017 | **Holehonnur**, St. May's Church |
| 15 March 2017 | **Hossur** (Induvally), Sacred Heart Church |
| 30 March 2017 | **Iduvally**, St. Antony's Church |
| 15 April 2017 | **Kogar**, St. Mary's Church |
| 30 April 2017 | **Koppa**, St. Norbert Church |
| 15 May 2017 | **Makkod**, St. Sebastian's Church |
| 30 May 2017 | **Mallandur**, St. Alphonsa Church |
| 15 June 2017 | **Masthikatte**, St. Peter's Church |
| 30 June 2017 | **Muthinakoppa**, St. Ann's Church |
| 15 July 2017 | **N.R.Pura**, Little Flower Cathedral Church |
| 31 July 2017 | **Nagavally**, Lourd Matha Church |
| 15 August 2017 | **Ripponpet**, Good Shepherd Forane Church |
| 30 August 2017 | **Sagar**, St. Thomas Church |
| 15 September 2017 | **Shettikoppa**, St. Joseph's Church |
| 30 September 2017 | **Shimoga**, St. Joseph's Forane Church |
| 14 October 2017 | **Varkatta** (Hanthuvani), St. Antony's Church |
| 23 October 2017 | **Umblebylu**, St. Alphonsa Church |

**ഫാ. ഫ്രാൻസിസ് അള്ളുംപുറം**

രൂപതാചാൻസിലർ

## മതബോധന ബൈബിൾ പ്രേഷിതത്വം

### ഇടവക സന്ദർശനം

നമ്മുടെ രൂപതയിലെ മതബോധന സ്കൂളുകളിൽ കോർ ടീം സന്ദർശനം നടന്നുകൊണ്ടിരിക്കുകയാണല്ലോ. എല്ലാ കാര്യങ്ങളും ചിട്ടയായും ഭംഗിയായും ക്രമീകരിക്കുന്ന വികാരിയച്ചന്മാർക്കും മതാദ്ധ്യാപകർക്കും നന്ദിയും, അനുമോദനങ്ങളും നേരുന്നു. മതബോധന ബൈബിൾ കമ്മീഷന്റെ കഴിഞ്ഞ മൂന്നുമാസത്തെ പ്രവർത്തന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

രൂപതാതല ബൈബിൾ ക്വിസ് മത്സരം ആഗസ്റ്റ് 15–ാം തിയ്യതി ഉച്ചയ്ക്ക് 2 മണിക്ക് ഗാന്ധികൊപ്പ എം.സി.ബി.എസ് ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 9 ടീമുകൾ പങ്കെടുത്തു. ഫാ. സാജൻ ക്വിസ് മത്സരത്തിന് നേതൃത്വം നൽകി. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് മാക്കോട് ഒന്നാം സ്ഥാനവും, സെന്റ് ജോർജ് ചർച്ച് ബാളെ ഹൊന്നൂർ രണ്ടാം സ്ഥാനവും, സെന്റ് ജോസഫ് ചർച്ച് ഷിമോഗ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ.

### വിശ്വാസ സംഗമം/കരുണയുടെ വർഷാചരണം

സെപ്റ്റംബർ 13–ാം തിയ്യതി മതബോധന ബൈബിൾ കമ്മീഷന്റെ അഭിമുഖ്യത്തിൽ എൻ.ആർ.പുര കത്തീഡ്രൽ ദേവാലയത്തിൽ വച്ച് മതബോധന വിശ്വാസസംഗമം നടന്നു. മതാദ്ധ്യാപകരും, കുട്ടികളും ഉൾപ്പെടെ 975 പേർ ഈ സംഗമത്തിൽ പങ്കെടുത്തു. 10 മണിക്ക് പ്രാർത്ഥനാ ഗാനത്തോടെ സംഗമം ആരംഭിച്ചു ഫാ. സാജൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യപിതാവ് ദീപം തെളിയിച്ച് വിശ്വാസ സംഗമം ഉദ്ഘാടനം ചെയ്തു. ബഹു. ജോർജ്ജ് കടൂപ്പാറയച്ചൻ ക്ലാസ്സുകൾ നയിച്ചു. ഉച്ചയ്ക്കുശേഷം 2 മണിക്ക് ദീപ്തി സ്കൂൾ ഗ്രൗണ്ടിൽ നിന്നും ഭക്തിനിർഭരമായ പ്രദക്ഷിണം ആരംഭിച്ചു. 2.30ന് അഭിവന്ദ്യപിതാവ് കരുണയുടെ കവാടം തുറക്കുകയും അതിനുശേഷം അഭിവന്ദ്യപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. ബഹു.സാജൻ അച്ചൻ എല്ലാവർക്കും നന്ദിയർപ്പിച്ചു.

## വിശ്വാസോത്സവം

ഒക്ടോബർ 22–ാം തിയ്യതി രാവിലെ 10 മണി മുതൽ രൂപതയിലെ 3 ഫൊറോനകളിലും വിശ്വാസോത്സവം ആഘോഷിച്ചു. യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവരെ രൂപതാതല മത്സരങ്ങളിലേയ്ക്ക് തിരഞ്ഞെടുത്തു. ഒക്ടോബർ 31–ാം തിയ്യതി രൂപതാതല വിശ്വാസോത്സവം എം.സി.ബി.എസ് ഗാന്ധികൊപ്പ ഓഡിറ്റോറിയത്തിൽ രാവിലെ 9.30ന് ആരംഭിച്ചു. ബഹു.സാജനച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബഹു.ജനറാളച്ചൻ ദീപം തെളിയിച്ച് വിശ്വാസോത്സവം ഉദ്ഘാടനം ചെയ്തു. 3 സ്റ്റേജുകളിയായി പ്രോഗ്രാം നടന്നു. അഭിവന്ദ്യപിതാവ് വിജിയികൾക്ക് സമ്മാനങ്ങൾ നൽകി. ഏറ്റവും കൂടുതൽ പോയിന്റോടു കൂടി ലിറ്റിൽ ഫ്ളവർ കത്തീഡ്രൽ ചർച്ച് ഒന്നാം സ്ഥാനവും, ഗുഡ്ഷെപ്പേർഡ് ഫൊറോനചർച്ച് റിഷൺപേട്ട് രണ്ടാംസ്ഥാനവും, സെന്റ് ജോസഫ് ഫൊറോന ചർച്ച് ഷിമോഗ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മതബോധന ഡയറക്ടർ ബഹു.ജോബ് കുന്നുംപുറം അച്ചൻ എല്ലാവർക്കും നന്ദിപറഞ്ഞു.

## കുടുംബപ്രേഷിതത്വം

ഒക്ടോബർ 9 മുതൽ 12–ാം തീയ്യതി വരെ മാച്ചിനഹള്ളി കരുണാ നിലയത്തിൽ വെച്ച് വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെട്ടു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 20 പേർ പങ്കെടുത്തു. ആനുകാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിലായി വൈദികരും, അല്മായ സഹോദരങ്ങളും ക്ലാസ്സുകൾ നയിച്ചു. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കളുടെ സാന്നിധ്യത്തിൽ അഭിവന്ദ്യപിതാവ് സർട്ടിഫിക്കറ്റുകൾ നൽകി. ഉച്ചയോടു കൂടി എല്ലാവരും സ്വഭവനങ്ങളിലേക്ക് മടങ്ങി.

## യുവജന പ്രേഷിതത്വം

എല്ലാ ഭദ്രദീപ വായനക്കാർക്കും സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകളും പ്രാർത്ഥനകളും സ്നേഹത്തോടെ നേരുന്നു.

യുവജനങ്ങളെ ആത്മീയ ഉന്നതിയിലേക്കും വിശ്വാസവളർച്ചയിലേക്കും നയിക്കുക എന്ന ലക്ഷ്യത്തോടെ ഒക്ടോബർ 7,8,9 തീയ്യതികളിൽ രൂപതിയിലെ യുവജനങ്ങൾക്കായി മാച്ചിനഹള്ളി കരുണാനിലയത്തിൽ വെച്ച്

യുവനജനധ്യാനം നടത്തപ്പെട്ടു. 65 യുവാക്കൾ ധ്യാനത്തിൽ പങ്കെടുത്തു. ബഹു. തോമസ് മണ്ണാപറമ്പിൽ OCD അച്ചന്റെ നേതൃത്വത്തിലുള്ള ധ്യാന ടീം ക്ലാസ്സുകൾ നയിച്ചു. യുവജനങ്ങൾക്ക് നല്ല മാർഗ്ഗനിർദേശങ്ങളും വ്യക്ത മായ വിശ്വാസ ബോധ്യങ്ങളും പകരുന്നതിന് ഈ ധ്യാനം സഹായകരമായി. ധ്യാനവിജയത്തിനായി അക്ഷീണം പ്രയത്നിച്ച ബഹു.ആനിമേറ്റർ സിസ്റ്ററി നും, പ്രസിഡന്റിനും എല്ലാ സഹായങ്ങളും ചെയ്തുതന്ന ബഹു. പ്രിയേഷച്ച നും നന്ദി.

കർണാടക റീജിയനിൽ വച്ച് നടത്തപ്പെടുന്ന ICYM നാഷണൽ കൺവൻഷന്റെ മുന്നൊരുക്കമായുള്ള കുരിശ് പ്രയാണം നമ്മുടെ രൂപതയി ലെ വിവിധ ഇടവകകളിൽ എത്തിച്ചേരുകയുണ്ടായി. കാത്തലിക്ക് ബിഷപ്സ് കോൺഫറൻസ്ഓഫ്ഇൻഡ്യയിൽനിന്ന്ICYMപ്രസ്ഥാനത്തിന്സമ്മാനമായി ലഭിച്ച ഈ കുരിശ് ഒക്ടോബർ 2ന് ഷിമോഗ സെന്റ് ജോസഫ് ഫൊറോനാ ദൈവാലയത്തിൽ നിന്ന് ഏറ്റുവാങ്ങി. തുടർന്ന് ഒക്ടോബർ 2 മുതൽ 8 വരെ തിയ്യതികളിൽ ഷിമോഗ ഫൊറോനയിലും 9 മുതൽ 15 വരെ തിയ്യതികളിൽ റി പ്പൺപേട്ട് ഫൊറോനയിലും 15 മുതൽ 23 വരെ തിയ്യതികളിൽ എൻ.ആർ. പുര ഫൊറോനയിലും കുരിശ് പ്രയാണം നടത്തി. ഒക്ടോബർ 23ന് കുരിശ് കൈമാറുന്നതിന്റെ ഭാഗമായി രൂപതിയിലെ യുവജനങ്ങൾ എൻ.ആർ. പുര കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ചുകൂടി. അന്നേദിവസം വികാരി ജനറാൾ ബഹു. അഗസ്റ്റിൻ ഉറമ്പുകാട്ടിലച്ചൻ അദ്ധ്യക്ഷപ്രസംഗം നട ത്തുകയും ശ്രീമതി.റോസ്‌ലിൻ ടീച്ചർ യുവജനങ്ങളുടെ ആധുനിക ജീവിത രീതികളെക്കുറിച്ച് ക്ലാസ്സ് നയിക്കുകയും ചെയ്തു. തുടർന്ന് യുവജനങ്ങൾ പ്രദക്ഷിണമായി കരുണയുടെ ജപമാലചൊല്ലി ദൈവാലയത്തിൽ പ്രവേശി ക്കുകയും ആരാധനയ്ക്കും വി.കുർബ്ബാനയ്ക്കും ശേഷം കുരിശ് പുത്തൂർ രൂപതയ്ക്ക് കൈമാറുകയും ചെയ്തു. കുരിശ് പ്രയാണത്തിന് സഹായിക്കു കയും കാര്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്ത 3 ഫൊറോനകളിലെയും ഡയറക്ടർ അച്ചൻമാരെ നന്ദിയോടെ ഓർക്കുന്നു.

പത്താമത് നാഷണൽ യൂത്ത് കൺവൻഷൻ 2017 ജനുവരി 18 മുതൽ 22 വരെയുള്ള തിയ്യതികളിൽ സെന്റ് ജോസഫ് എൻഞ്ചിനീയറിങ്ങ് കോളേജ് മംഗലാപുരത്ത് വച്ച് നടത്തപ്പെടുന്നു. ഭദ്രാവദി രൂപതയിലെ എല്ലാ യുവജ നങ്ങളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഡയറക്ടർ

**ഫാ. റ്റിനോ വെള്ളാരംകാലായിൽ**

# സാമൂഹ്യസേവനവിഭാഗം
# മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഭദ്രദീപയുടെ എല്ലാ വായനകാർക്കും മലനാട് സോഷ്യൽ സർവ്വീസസൊസൈറ്റിയുടെ സ്നേഹാശംസകൾ! ഭദ്രാവതി രൂപതയുടെ സാമൂഹിക സേവന വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന പരിപാടികളുടെ വിശദവിവരങ്ങൾ താഴെചേർക്കുന്നു.

## ചൈൽഡ് ഹെൽപ്പ് ലൈൻ 1098

15 വയസ്സിന് താഴെയുള്ള കുട്ടികള്ളുടെ സമ്പൂർണസുരക്ഷയും ക്ഷേമവും ഉറപ്പ് വരുത്തുന്നിതനായി 24 മണിക്കൂറും ആഴ്ചയിലെ എല്ലാദിവസവും പ്രവൃത്തിക്കുന്നു. ഓഫീസിൽ വരുന്ന ഫോൺകോള്ളുകൾക്ക് ആവശ്യമായ നടപടികൾ MSSS ചൈൽഡ് ലൈൻ ഉടനടി സ്വീകരിക്കുന്നു.

## സുപ്രധാന നപടികൾ

കഴിഞ്ഞ മൂന്നുമാസങ്ങളിലായി 19 കുട്ടികൾക്ക് അഭയം ക്രമീകരിച്ചു കൊടുത്തു. 33 കുട്ടികൾക്ക് കൗൺസിലിംഗ് സഹായം നൽകി. 30 കുട്ടികളെ വിവിധതരം അതിക്രമങ്ങളിൽ നിന്നും രക്ഷിച്ചു. കാണാതായ ഒരു കുട്ടിയെ കണ്ടെത്തി. മൂന്ന് സ്റ്റാൾ പ്രോഗ്രാമുകള്ളും മൂന്ന് ഓഫർ ഹൗസ് പ്രോഗ്രാമുകള്ളും നടത്തി.

ഇതുകൂടാതെ നവംബർ 14 മുതൽ 18–ാം തിയ്യതി വരെ ''ചൈൽഡ് ലൈൻ സെ ദോസ്തി വീക്ക് '' പരിപാടികൾ പ്രത്യേകമാം വിധം സംഘടിപ്പിച്ചു. ചൈൽഡ് ലൈനിനെക്കുറിച്ചും അതിന്റെ ഉദ്ദേശങ്ങളെകുറിച്ചും അറിവ് നൽകുന്നതിനായി ഒരാഴ്ചത്തേയ്ക്ക് സംഘടിപ്പിക്കപ്പെട്ട ഒരു പ്രത്യേക പരിശീലനപരിപാടിയായിരുന്നു ഇത്. ഇതിലേക്കായി നവംബർ 12–ാം തിയ്യതി മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഷിമോഗയിൽ പത്രസമ്മേളനം വിളിച്ചുകൂട്ടുകയും നവംബർ 14 മുതൽ 18–ാം തിയ്യതി വരെ ഷിമോഗയിൽ ഉദ്ഘാടനവും സാഗറിൽ ''സിഗ്നേറ്റീവ് ക്യാമ്പും'' മറ്റ് പ്രോഗ്രാമുകള്ളും സംഘടിപ്പിക്കുകയും ചെയ്തു.

നവംബർ 14–ാം തിയ്യതി ശിശുദിനതോട് അനുബന്ധിച്ചു ''ചൈൽലൈൻ സെ ദോസ്തി വീക്ക് '' ഷിമോഗ ഉദ്ഘാടനം സാൻജോസ് സ്കൂൾ പരിസരത്ത് നടത്തപ്പെട്ടു. നവംബർ 15–ാം തിയ്യതി സാഗർ ടൗൺ പോലീസ് സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി ബസ്റ്റാന്റ്, നഗര സഭാങ്കണം, താലൂക്ക് ഓഫീസ്, കോർട്ട് സർക്കിൾ എന്നിവിടങ്ങളിൽ ''ചൈൽഡ് ലൈൻ സിഗ്നേറ്റീവ് ക്യാമ്പ്'' നടത്തുകയുണ്ടായി. ഇതുകൂടാതെ 16–ാം തിയ്യതി വിൽഗട്ടയിലുള്ള ഗവ.ഹൈസ്കൂളിൽ വച്ച് കോമൾ വീഡിയോ പ്രദർശനവും ഉപന്യാസ മത്സവും നടത്തുകയും ഉപന്യാസ മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡ് നൽകുകയും ചെയ്തു.

## നവജീവൻ ഹോളിസ്റ്റിക് കെയർ സെന്റർ

എച്ച്.ഐ.വി/എയ്ഡ്സ് രോഗികൾക്കായി പ്രവൃത്തിക്കുന്ന സ്ഥാപനം, കഴിഞ്ഞ 3 മാസങ്ങളിലായി 194 രോഗികളെ ചികിത്സിക്കുകയും ആവശ്യമായ മരുന്നുകളും ന്യൂട്രീഷ്യനും നൽകുകയും ചെയ്തു.

## സ്ത്രീശാക്തീകരണ പദ്ധതി

കർണ്ണാടക റീജിയണൽ ഓർഗനൈസേഷൻ ഫോർ സോഷ്യൽ സർവ്വീസിന്റെ സഹായത്തോടെ ഗ്രാമീണ വനിതകളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന 186 സ്വസഹായ സംഘങ്ങളിൽ 3530 അംഗങ്ങൾ ഉണ്ട് ഈ സംഘങ്ങളിൽ പങ്കാളികളായ കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തെ ലക്ഷ്യമിട്ട് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ 'വിമൻ ഇൻ മൈക്രോ എന്റർപ്രൈസിസ് ' എന്ന പ്രൊജക്ട് വഴി സഹായിക്കുന്നു. കഴിഞ്ഞ 3 മാസങ്ങളിലായി 103 അംഗങ്ങൾക്ക് ലോൺ നല്കി.

നവംബർ 17–ാം തിയ്യതി ''ക്രോസിന്റെ ഗവേർണിംഗ് ബോഡിയുടെ അനുവൽ ജനറൽ മീറ്റിംഗ് ഒ.ഡി.പി മൈസൂരിൽ വച്ച് നടത്തപ്പെട്ടു ഫാ.അബ്രഹാം അരീപറമ്പിൽ മീറ്റിഗിൾ പങ്കെടുക്കുകയും ചെയ്തു.

## കാരിത്താസ് ഇൻഡ്യ

കാരിത്താസ് ഇൻഡ്യയുടെ പ്രോഗ്രാം കോ–ഓർഡിനേറ്റർ മിസ്റ്റർ റോബർട്ട് ഡിസൂസയും, സോണൽ ഫൈനാൻസ് മാനേജർ മിസ്റ്റർ നന്ദകുമാറും ഫാ.അബ്രാഹം അരീപ്പറമ്പിലിനോടൊപ്പം നാഗവള്ളിയിൽ നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന 'സസ്റ്റൈനബിൾ ഡിവലപ്മെന്റ് ഫോർ ഇന്റർഗ്രേറ്റഡ് ലൈവ്ലിഹുഡ് ' പ്രൊജക്റ്റ് ഏരിയ സന്ദർശിക്കുകയും അനുകൂലമായ റിപ്പോർട്ട് സമർപ്പ്ിക്കുയും ചെയ്തു. എം.എസ്.എസ്.എസ്. വഴി നാഗവള്ളിയിൽ നടത്തുന്ന ജൈവകൃഷിയിൽ അവർ സംതൃപ്തിരേഖപ്പെടുത്തുകയും ചെയ്യുതു.

ഡയറക്ടർ

**ഫാ. അബ്രാഹം അരീപ്പറമ്പിൽ**

## Report of the Joint Commission held on 21/05/16

As per the decision of the previous joint commission meeting, a second meeting was held on 21st May at 11.00 am presided over by our beloved Bishop Mar Joseph Arumachadath. The meeting began with a prayer after which the coordinator Fr. Abraham, welcomed the group. The group also extended a warm welcome to Fr. Job Kunnumpuram the new director of Catechism department.

After the introduction by the bishop, the presentation for the next year's program began. Fr. Varghese Podipara, presented a well prepared program for the next academic year for the Catechism department. He informed the group that this year each catechism student has to pay an amount of Rs. 100/- as annual fee that will be used for the year's expense.

Fr.Thomas, the director of Renewal team informed that he is in the process of forming a diocesan team of charismatic renewal group and a prayer group in each parish with the help of each parish priest. Fr.Binoy, the director of Laity commission suggested that each parish has to nominate a lay leader who will be trained to guide the other lay leaders of each parish a detailed program for the same is yet to be prepared. Fr.Saji, the director of BCCC, proposed three possible dats to have a forane level meeting of BCC members.

In the absence of the youth director Fr.Tino Vellaramkalayil, Sr. Sofia the animator presented their program. NYC 'passing of the Cross' in our diocese will be a major event of the year. Bishop added that for any of the general gathering outside our diocese, a banner/ placard / badge or such sort of an identification mark has to be provided to the youth.

Fr. Abraham, the director of Education commission presented the program of the Education commission. He said that this year the education commission will be expanded to seven members and they will organize awareness programs as well as conduct inspection in the diocesan schools. A seminar for the HM's and Managers will be organized in the month of July in which the regional director will be present. Bishop said that each school should have an association of Old Students with formal registered body. He also said that the teachers/ staff are to develop a habit to visit the houses of the students.

It was also decided to have at least four meetings of the Joint-commission yearly. Bishop also reminded the members about the need to be present for every meeting. The meeting concluded with the vote of thanks by the coordinator.

**Fr. Abraham Areeparambil**

Pastoral Coordinator.

# BISHOP'S DIARY

## OCTOBER 2016

01 : Visited Nagavally

02 : Offered Holy Eucharist at Lourdu Matha Church, Nagavally, visited the sick

04 : Offered Holy Eucharist at St. Joseph's Church, Poroor, on the 41$^{st}$ memorial day of the deceased father of Rev. Sr. Roseline S.H.

08 : Offered Holy Eucharist at St. Alphonsa Church, Umblebylu on the occasion of the Parish Feast

09 : Offered Holy Mass at St. Joseph's Forane Church, Shimoga for the members of *Mathruvedi*

11 : Participated in the Monthly Recollection of NR Pura Forane, conducted at Shettikoppa

12 : Participated in the Monthly Recollection of Ripponpett Forane, conducted at SABS Convent

13 : Offered Holy Eucharist and gave First Holy Communion and Confirmation to children at St. Sebastian's Church, Makkod; participated in the Monthly Recollection of Shimoga Forane, conducted at SH Convent, Gadikoppa

14 : Received Bishop Prince Antony of Adilabad at the Bishop's House

15 : Presided over the Diocesan Pastoral Council Meeting at St. Joseph's Church, Shimoga; Participated in the Silver Jubilee celebrations of Rev. Sr. Rani SH, at Hosur, Induvally

17 : Visited Gorigandi and discussed the renovation work of the presbytery there

18 : Participated in the One Day Consultation of KRCBC on certain important legal matters at KROSS, Bangalore

20 : Offered Festal Holy Mass at St. Anne's Church, Muthinakoppa; Offered Holy Eucharist on the occasion of the Silver Jubilee celebration of Rev. Sr. Vijaya FCC, at Anavatty

23 : Received Rev. Sr. Mercitta SH, the Provincial Superior of SH Mananthavady Province at the Bishop's House

25 : Offered Holy Eucharist and participated in the 9th Diocesan Day Celebrations at Shimoga

27 : Visited Rev. Fr. Mathew Kizhakkemury, mcbs at Baby Memorial Hospital, Kozhikode

28 : Visited Bishop Jose Porunnedom at Bishop's House, Mananthavady

31 : Felicitated the participants of the Diocesan Bible *Kalotsavam* and gave away the prizes to the winners; offered Holy Eucharist at St. Joseph's Church, Shimoga on the occasion of the conclusion of the Rosary Devotion

**NOVEMBER 2016**

02 : Offered Holy Eucharist at St. Joseph's Church, Shimoga on All Soul's Day and blessed the newly erected Cemetery Chapel

06 : Offered Holy Eucharist at St. Ephrem's Theological College, Satna; visited the religious houses in the Seminary Campus; visited the Seminarians engaged in village ministry at Koonth village

07 : Offered Holy Eucharist at the Seminary chapel, Satna; visited some missions and also the Bishop's House, Satna

08 : Offered Holy Eucharist at Bishop's House, Satna and then left for Bangalore

12 : Gave message to the participants of the MPC program at Machinahally and gave away the certificates; presided the joint meeting of the all the Diocesan Commissions at Shimoga

13 : Offered Holy Eucharist at Little Flower Cathedral, NR Pura on the occasion of the diocesan level conclusion of the celebration of "the Year of Mercy" and the closing of the "Door of Mercy"

14 : Visited the participants of the Annual Retreat at MCBS Regional House, Gadikoppa

18 : Offered Holy Eucharist for the participants of the Annual Retreat at MCBS Regional House, Gadikoppa

20 : Offered Holy Eucharist at St. Joseph's Church, Shettikoppa and felicitated Rev. Sr. Roseline SH, on the occasion of her Silver Jubilee; participated in the Con-celebration of the Holy Eucharist with Bishop Francis Serrao of Shimoga diocese and in the Eucharistic Procession that followed on the occasion of the Joint Celebration of the Feast of Christ the King, at Sacred Heart Cathedral, Shimoga

23-24 : Participated in the Inter-diocesan Priests' Meeting of the Priests and Bishops from the Syro-Malabar dioceses of Belthangady, Bhadravathi and Mandya, held at Christ University Campus, Kenkery, Bangalore

25 : Participated in the Annual Day Celebrations of St. Mary's English Medium School, Holehonnur

29 : Received Rev. Sr. Molly Kachiramattom, Delegation Superior of LWPJ Congregation, and others at the Bishop's House, Shimoga

# BISHOP'S PROGRAMME

**DECEMBER 2016**

| | | |
|---|---|---|
| 04 | : | Monthly Recollection of NR Pura Forane, at SABS Convent, Koppa |
| 07 | : | Monthly Recollection of Shimoga Forane, at SH Convent, Holehonnur |
| 09 | : | Sports and Cultural Day Celebration, St. Joseph's School, Shimoga; Meeting of the Central Committees for: the Diocesan Bible Convention; the Publication of the Diocesan History |
| 10 | : | Annual Day Celebration, St. Treasa's School, Halejedikatte, Machinahally |
| 12 | : | CML State Committee Meeting, Belthangady |
| 13 | : | Monthly Recollection of Ripponpett Forane, at Lourdu Matha Church, Nagavally; Blessing of the new Presbytery at Nagavally |
| 15 | : | Annual Day Celebration of Navjyothi School, Sangameshwerpett |
| 17 | : | Meeting of the Diocesan Presbyterium, St. Joseph's Church, Shimoga; Diocesan Carrol Singing Competition, St. Joseph's School, Gadikoppa |
| 18 | : | Christmas Programme, St. Joseph's Public School, N.R. Pura |
| 22 | : | Nav Jeevan Care Centre Christmas Gathering, Moolakatte, Bhadravathi |
| 24 | : | Christmas Eve, Little Flower Cathedral, N.R. Pura |
| 25 | : | Christmas |
| 27 | : | Priestly Ordination of Rev. Dn. Joseph Panackachira, St. Sebastian's Church, Nedumkandam |

30 : Priestly Ordination of: Rev. Dn. Jacob Kochuparambil mcbs, St. Antony's Church, Thirumeni; Rev. Dn. Thomas Cheriyampurath mcbs, St. Joseph's Church, Pulingome

31 : Priestly Ordination of Rev. Dn. Sebastian Choorapoikayil mcbs, St. Alphonsa Church, Manjakunnu

**JANUARY 2017**

01 : Holy Eucharistic celebration at Holy Magi Church, Muvattupuzha

02 : Priestly Ordination of: Rev. Dn. Thomas Valliyamthadathil mcbs, St. Joseph's Church, Thidanadu; Rev. Dn. Joseph Vempala mcbs, Infant Jesus Church, Elikulam

03 : House Blessing: Vavachan, Erumachadath, Podippara

09-14 : Synod of Syro-Malabar Bishops, Mount St. Thomas, Kakkanad

15 : Holy Eucharistic celebration at Infant Jesus Cathedral, Hinkal, Mandya

16 : Holy Eucharistic celebration, Alakode

18-22 : ICYM National Convention, Mangalore

21 : Bangalore

22 : Mangalore

24 : Meeting of the Central Committee for the Publication of History

28 : Holy Eucharistic celebration, Cheruvandoor

29 : Festal Holy Mass, Holy Family Church, Podippara

30 : Silver Jubilee Celebration of Rev. Sr. Merly ASMI, Bethel

**FEBRUARY 2017**

05 : Solem Raza, Good Shepherd Forane Church, Ripponpett

08 : Silver Jubilee Celebration, DSHJ Convent, Moolakatte, Bhadravathi

18 : Blessing and Consecration of St. Mary's Church, Kutruppady, Belthangady

# ಧರ್ಮಕ್ಷೇತ್ರ ಕಛೇರಿ ವಾರ್ತೆಗಳು.

ಭದ್ರಾವತಿ ಧರ್ಮಕ್ಷೇತ್ರ ಸ್ಥಾಪನೆಯ 9 ನೇ ವಾರ್ಷಿಕೋತ್ಸವವನ್ನು ಶಿವಮೊಗ್ಗ ಸ್ಯೆಂಟ್ ಜೋಸೆಫ್ಸ್ ಫೊರೋನ ದೇವಾಲಯದಲ್ಲಿ ಅಕ್ಟೋಬರ್ 25 ರಂದು ಆಚರಿಸಲಾಯಿತು. ಪರಿಶುದ್ಧ ಪರಮಪ್ರಸಾದದ ಆರಾಧನೆ ಮತ್ತು ಧರ್ಮಾಧ್ಯಕ್ಷರ ನೇತೃತ್ವದಲ್ಲಿ ನಡೆದ ಬಲಿಯರ್ಪಣೆಯಲ್ಲಿ ದೇವರು ಈ ಧರ್ಮಕ್ಷೇತ್ರದ ಮೇಲೆ ಸುರಿದ ಎಲ್ಲಾ ವರದಾನಗಳಿಗೆ ಕೃತಜ್ಞತೆ ಸಲ್ಲಿಸಲಾಯಿತು. ಭಕ್ತಿಪೂರ್ವಕವಾದ ಆರಾಧನೆಯನ್ನು ಆನವಟ್ಟಿ ಧರ್ಮಕೇಂದ್ರದ ಧರ್ಮಭಗಿನಿಯರು ನಡೆಸಿಕೊಟ್ಟರು. ಧರ್ಮಕ್ಷೇತ್ರದ ಎಲ್ಲಾ ಗುರುವೃಂದದವರು ಧರ್ಮಾಧ್ಯಕ್ಷರೊಂದಿಗೆ ಬಲಿಯರ್ಪಣೆಯಲ್ಲಿ ಪಾಲ್ಗೊಂಡಿದ್ದರು. ವಿಕಾರ್‌ಜನರಲ್ ಫಾದರ್ ಅಗಸ್ಟಿನ್ ಉರುಂಬುಕಾಟ್ಟಿಲ್‌ರವರು ಬಲಿಪೂಜೆಯ ಮಧ್ಯದಲ್ಲಿ ವಚನ ಸಂದೇಶ ನೀಡಿದರು.

ನಂತರದ ಸಮ್ಮೇಳನವು ಶೆಟ್ಟಿಕೊಪ್ಪ ಧರ್ಮಕೇಂದ್ರದ ಮಕ್ಕಳ ಪ್ರಾರ್ಥನಾ ನೃತ್ಯದೊಂದಿಗೆ ಪ್ರಾರಂಭವಾಯಿತು. ಧರ್ಮಕ್ಷೇತ್ರದ ಚಾನ್ಸಿಲರ್ ಫಾದರ್ ಫ್ರಾನ್ಸಿಸ್‌ಅಳ್ಳುಂಪುರಂರವರು ಎಲ್ಲರಿಗೂ ಸ್ವಾಗತವನ್ನು ಬಯಸಿದರು. ಲೋಕದ ಬೆಳಕಾದ ಯೇಸುವಿನ ಸಾನಿಧ್ಯದ ಪ್ರತೀಕವಾಗಿ ದೀಪವನ್ನು ಬೆಳಗಿಸಿ ಧರ್ಮಕ್ಷೇತ್ರ ದಿನಾಚರಣೆಯನ್ನೂ, ನವಸುವಾರ್ತಾ ವರ್ಷಾಚರಣೆಯನ್ನೂ, ಧರ್ಮಕ್ಷೇತ್ರದ ಹತ್ತನೇ ವಾರ್ಷಿಕೋತ್ಸವದ ಉದ್ಘಾಟನೆಯನ್ನೂ, ಧರ್ಮಾಧ್ಯಕ್ಷರು ನೆರವೇರಿಸಿದರು. ಯಾಜಕ, ಸನ್ಯಸ್ತ, ಅಲ್‌ಮಾಯ ಪ್ರತಿನಿಧಿಗಳು ಧರ್ಮಾಧ್ಯಕ್ಷರೊಂದಿಗೆ ಸೇರಿ ದೀಪವನ್ನು ಬೆಳಗಿಸಿದರು. ಫಾದರ್ ಫ್ರಾನ್ಸಿಸ್‌ಅಳ್ಳುಂಪುರಂರವರು ಮೂರುವರ್ಷದಲ್ಲಿ ನಡೆಯಬೇಕಾದ ದಶವರ್ಷ ಆಚರಣೆಯ ಮಾರ್ಗರೇಖೆಯನ್ನು ಮತ್ತೊಮ್ಮೆ ಸಭೆಗೆ ಪರಿಚಯಿಸಿದರು.

ವಂದನೀಯ ಪೂಜ್ಯ ಧರ್ಮಾಧ್ಯಕ್ಷರು ತಮ್ಮ ಅಧ್ಯಕ್ಷರ ನುಡಿಯಲ್ಲಿ ಧರ್ಮಕ್ಷೇತ್ರದಲ್ಲಿ ಈ ವರ್ಷ ಆಚರಿಸುವ ನವಸುವಾರ್ತಾ ವರ್ಷಾಚರಣೆಯ ಉದ್ದೇಶ ಮತ್ತು ಲಕ್ಷಣಗಳನ್ನು, ಧರ್ಮಕ್ಷೇತ್ರ ಸ್ಥಾಪನೆಯ ಹತ್ತನೇ ವಾರ್ಷಿಕೋತ್ಸವ ಆಚರಣೆಯ ರೂಪುರೇಖೆಗಳನ್ನು ವಿವರಿಸಿದರು. ಜೂಬಿಲಿ ಆಚರಿಸುವವರನ್ನು, ಧರ್ಮಕ್ಷೇತ್ರದಲ್ಲಿ ವಿವಿಧ ಸಾಧನೆ ತೋರಿದವರನ್ನು ಧರ್ಮಾಧ್ಯಕ್ಷರು ಅಭಿನಂದಿಸಿದರು. ವಂದನೀಯ ವಿಕಾರ್ ಜನರಲ್ ಅಗಸ್ಟಿನ್ ಉರುಂಬುಕಾಟ್ಟಿಲ್‌ರವರು ಧರ್ಮಕ್ಷೇತ್ರದ ವೆಬ್‌ಸ್ಯೆಟನ್ನು ಸಭೆಗೆ ಪರಿಚಯಿಸಿದರು. ಬಿಷಪ್‌ರವರು ವೆಬ್‌ಸ್ಯೆಟಿನ ಉದ್ಘಾಟನೆಯನ್ನು ಈ ಸಂದರ್ಭದಲ್ಲಿ ನೆರವೇರಿಸಿದರು.

ವಂದನೀಯ ಸೆಭಾಸ್ಟಿನ್ ಪುಲ್ಲುಕಾಟ್ಟಿಲ್ ಮತ್ತು ಶ್ರೀಮತಿ ಬ್ರಿಜಿಟ್ಟ್ ತೋಮಸ್‌ರವರು ಧರ್ಮಕ್ಷೇತ್ರ ದಿನಾಚರಣೆಯ ಶುಭಾಷಯಗಳನ್ನು ಕೋರಿ ಮಾತನಾಡುವುದರೊಂದಿಗೆ ಜೂಬಿಲಿ ಆಚರಿಸುವ ಮತ್ತು ವಿವಿಧ ಹಂತದಲ್ಲಿ ಸಾಧನೆ ಮಾಡಿದವರನ್ನು ಅಭಿನಂದಿಸಿದರು. ಎನ್.ಆರ್ . ಪುರ ಕಥೀಟ್ರಲ್ ಚರ್ಚಿನ ಮಕ್ಕಳ ಗುಂಪು ನೃತ್ಯವು ಕಾರ್ಯಕ್ರಮಕ್ಕೆ ಹೆಚ್ಚಿನ ಕಳೆಯನ್ನು ತಂದಿತು. ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಸೆಕ್ರೆಟರಿ ಶ್ರೀ. ಜೋಮಿ ಮಾಥ್ಯುರವರು ಎಲ್ಲರನ್ನು ವಂದಿಸಿ ಮಾತನಾಡಿದರು ಪೇಪಲ್ ಗಾನದೊಂದಿಗೆ ಸಭೆಯು ಕೊನೆಗೊಂಡಿತು. ರುಚಿಕರವಾದ ಭೋಜನವನ್ನು ಸೇವಿಸಿ ಎಲ್ಲರೂ ಸಂತೋಷವಾಗಿ ಹಿಂತಿರುಗಿದರು.

## 2016 ರ ಧರ್ಮಕ್ಷೇತ್ರ ದಿನಾಚರಣೆಯಲ್ಲಿ ಸನ್ಮಾನಿಸಲ್ಪಟ್ಟವರು

**SILVER JUBILEE OF RELIGIOUS PROFESSION**

Rev. Sr. Vijay FCC
Rev. Sr. Rosline John SH
Rev. Sr. Anice Myppaan SH

**GOLDEN JUBILLE OF WEDDING ANNIVERSARY**

Mr. Jose and Mrs. Leelamma Edassery

**25 YEARS IN CATECHISM MINISTRY**

Mrs. Thressiamma Thomas Koikara

**CATECHISM TOPPERS OF THE YEAR 2015-2016**

7th Std. : Anitha Babu

10th Std. : Jishma Pappachan

12th Std. : Hrudya Jose

**SSLC EXAM TOPPER OF THE YEAR 2016**

Dhanya D
Sonal Jacob

**BEST SUNDAY SCHOOL**

St. Antony's Church, Iduvally (2015-2016)
St. Anne's Church, Muthinkoppa (2014-2015)

**DIOCESAN LEVEL PARISH BIBLE QUIZ**

St. Sebastian's Church, Makkod

**LOGOS QUIZ DIOCESAN TOPPERS OF THE YEAR 2016**

| | | |
|---|---|---|
| 1st | Lilly Vincent Kattookaran | St.Joseph's Forane Church, Shimoga |
| 2nd | July Shaji Maippan | St.Joseph's Forane Church, Shimoga |
| 3rd | Lincy Saju Nellissery | St.Sebastian's Church, Makkod |
| | Sr. Rose SABS | Good Shepherd Forane Church, Ripponpet |

**SPECIAL ACHIVEMENT**

Mr. K. E. Mathew, Shimoga (President's award for meritorious service in police department)